# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 43

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,
ലഹരി വസ്തുക്കളുടെ ലഭ്യതയും ഉപയോഗവും അപകടകരമാംവിധം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഈ ദുരവസ്ഥയെക്കുറിച്ചു അവബോധം വർദ്ധിപ്പിക്കുന്നതിനും നാശത്തിന്റെ വക്കിൽ നിൽക്കുന്ന മാനവ സമൂഹത്തെ രക്ഷിക്കുന്നതിനും സഭ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യത്തോടുകൂടി സഭ ആരംഭിച്ച ലഹരി വിമോചന സമിതി നമ്മുടെ എല്ലാ ഇടവകകളിലും നിർബന്ധമായും ആരംഭിച്ച് പ്രവർത്തന സജ്ജമാകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

2022 ജനുവരി 9–ാം തീയതി ഞായറാഴ്ച ലഹരി വിരുദ്ധദിനമായി സഭ വേർതിരിച്ചിരിക്കുന്നു. ആ ദിവസത്തേക്ക് ക്രമീകരിച്ചിരിക്കുന്ന പ്രത്യേക ആരാധനക്രമം ഇടവകകളിൽ ഉപയോഗിക്കേണ്ടതാണ്. നമ്മുടെ എല്ലാ പള്ളികളിലും ലഹരി വിരുദ്ധ പ്രചാരണത്തോടൊപ്പം റാലികൾ,പദയാത്രകൾ, പൊതുയോഗങ്ങൾ ആദിയായവ സംഘടിപ്പിച്ച് ജനങ്ങളെ ജാഗരൂകരാക്കണം. പട്ടക്കാരുടെ കോൺഫറൻസുകളിലും, ഇടവക കൺവൻഷനുകളിലും, സണ്ടേസ്കൂൾ, യുവജനസഖ്യം, സേവികാസംഘം, ഇടവക മിഷൻ ആദിയായ സംഘടനകളുടെ ശാഖാ–സെന്റർ തലം മുതലുള്ള സമ്മേളനങ്ങളിലും ഇതൊരു പ്രധാന വിഷയമായി ചർച്ച ചെയ്യുകയും സഭ ഒന്നടങ്കം ഈ തിന്മയ്ക്കെതിരെ പോരാടുവാൻ സമർപ്പിതരാകുകയും വേണം. ആധുനിക വിവരസാങ്കേതിക വിദ്യയുടെ പുത്തൻ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഈ സന്ദേശം കൗമാരക്കാരിലും യുവജനങ്ങളിലും എത്തിക്കുന്നതിൽ ശ്രദ്ധിക്കണം.

മലയാലപ്പുഴ നവജീവകേന്ദ്രം, കോട്ടയം മോചന, പേയാട് നൈർമല്യ, വാളകം ആശ്വാസ്, അടൂർ അനുഗ്രഹ, കിടങ്ങന്നൂർ നവദർശൻ, കുമ്പനാട് കൗൺസിലിംഗ് സെന്റർ, വയനാട് മുക്തി, അഗളി ദർശന, പൊള്ളാച്ചി മുതലായ ഡി–അഡിക്ഷൻ സെന്ററുകളിൽ ചികിത്സ, ബോധവൽക്കരണ ക്ലാസുകൾ, കൗൺസലിംഗ്, ആൽക്കഹോളിക്സ് അനോണിമസ് മീറ്റിംഗുകൾ തുടങ്ങിയവ നടത്തിവരുന്നു.

നമ്മുടെ സഭാംഗങ്ങൾ ക്രിസ്തീയ സാക്ഷ്യം നിലനിർത്തുന്നതിന്റെ ഭാഗമായി ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും പൂർണ്ണമായി വിട്ടു നിൽക്കേണ്ടതാണ്. ലഹരിമുക്ത വ്യക്തിത്വം, ലഹരിമുക്ത കുടുംബം, ലഹരിമുക്ത ഇടവക, ലഹരിമുക്ത സമൂഹം എന്ന ലക്ഷ്യപ്രാപ്തിക്കായി സഭയായി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം. ലഹരി വിപത്തിൽ നിന്നും നമ്മുടെ സമൂഹത്തെ രക്ഷിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും ഫലകരമാകുന്നതിന് ആവശ്യമായ പരിശുദ്ധാത്മ ശക്തി ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ
എന്ന് 2021 ഡിസംബർ 27–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
## ലഹരി വിമോചന സമിതി
## ലഹരി വിരുദ്ധദിന പ്രത്യേക ആരാധനക്രമം
(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടിയത്)

***സർവ്വഭൂമിയുമായുള്ളോവേ ദൈവത്തിനു ഘോഷിപ്പിൻ, അവന്റെ നാമത്തിന്റെ മഹത്വം കീർത്തിപ്പിൻ, അവന്റെ സ്തുതി മഹത്വീകരിപ്പിൻ.(സങ്കീ. 66: 1–2)***

**പ്രാരംഭ ഗീതം: 66**

**<u>കൌമ്മാ</u>**

**പ്രാരംഭ പ്രാർത്ഥന**

ലോകത്തെ സൃഷ്ടിക്കുകയും പരിപാലിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ദൈവമേ ഞങ്ങളുടെ സമൂഹത്തെ മലിനപ്പെടുത്തുന്ന തിന്മക്കെതിരെ പോരാടുന്നതിനും നന്മയെ മാത്രം ലക്ഷ്യമാക്കി ജീവിക്കുന്നതിനും അവിടുത്തെ തിരുശരീരമായ സഭയിലൂടെ ഞങ്ങളെ സഹായിക്കണമേ. ഇന്ന് സഭയായി ലഹരിവിരുദ്ധ ദിനമായി ആചരിക്കുമ്പോൾ സഭക്കുള്ളിലും, സഭ നിലനിൽക്കുന്ന സാമൂഹ്യചുറ്റുപാടുകളിലും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ലഹരി വ്യാപനത്തെക്കുറിച്ചുള്ള ഉത്കണ്ഠയും അതിന് അടിമകളായി ജീവിതലക്ഷ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വ്യക്തികളേയും കുടുംബങ്ങളേയും സംബന്ധിച്ചുള്ള ആത്മഭാരം ഞങ്ങൾക്ക് നൽകണമേ. ലഹരിയുടെ പുതിയഭാവങ്ങളെ തിരിച്ചറിയുന്നതിനും അതിൽ അകപ്പെടാതിരിക്കുന്നതിന് മറ്റുള്ളവരെ പ്രാപ്തരാക്കുന്നതിനും ഞങ്ങളെ ശക്തീകരിക്കണമേ.

ഞങ്ങൾ വിശുദ്ധിയുള്ളവരും മറ്റുള്ളവരെ വിശുദ്ധിയിലേക്ക് നയിക്കുന്നവരുമായി നിലനിൽക്കുന്നതിന് പ്രാപ്തരാക്കണമേ– ആമേൻ.

**അനുതാപപ്രാർത്ഥന**

***എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറയ്ക്കേണമേ, എന്റെ അകൃത്യങ്ങളെയൊക്കെയും മായിച്ചു കളയേണമേ. ദൈവമേ നിർമലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ.(സങ്കീ. 51: 9–10)***

**പ്രതിവാക്യം: ഞങ്ങളോട് ക്ഷമിക്കേണമേ**

എല്ലാ സൃഷ്ടികളിന്മേലും ദൈവികതയുടെ മഹത്വവും മനോഹരത്വവും ദർശിക്കുന്ന ഞങ്ങൾ ദൈവീക ദർശനങ്ങളിൽ നിന്ന് വിമുഖരാകുകയും തിന്മക്ക് അടിമപ്പെട്ട് ജീവിക്കുകയും ചെയ്തതിനെ ദൈവമേ...........

ഞങ്ങളുടെ സമുഹത്തിലെ ധാർമീക മൂല്യങ്ങളുടെ കാവലാളുകളായി ജീവിക്കേുന്ന ഞങ്ങൾ സ്വന്തധാർമ്മിക നിലവാരത്തെ വിലയിരുത്താതെ അലക്ഷ്യമായി ജീവിച്ചുപോയ കുറവുകളെ ദൈവമേ........

ലഹരിയിലേക്കും ലഹരി സമാന സാഹചര്യങ്ങളിലേക്കും ഞങ്ങളേയും ഞങ്ങളുടെ തലമുറകളേയും നയിക്കുന്ന വികലമായ തീരുമാനങ്ങൾ സമൂഹത്തിൽ ഉടലെടുക്കുമ്പോൾ അവയ്ക്കെതിരെ പ്രതികരിക്കതെ നിഷ്ക്രിയരായി ജീവിച്ചുപോയ കുറവുകളെ ദൈവമേ......

**സ്തോത്രപ്രാർത്ഥന**

***ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ഞങ്ങൾ നിന്റെ അതിശയപ്രവർത്തികളെ ഘോഷിക്കുന്നു. (സങ്കീ.75:1)***

**പ്രതിവാക്യം: *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു***

നന്മതിന്മകൾ സമ്മിശ്രമായിരിക്കുന്ന ജീവിത സാഹചര്യങ്ങളിൽ തിന്മക്കെതിരെ പോരാടുന്നതിനും നന്മയെ ഉൾക്കൊണ്ട് ജീവിക്കുന്നതിനും ഞങ്ങളെ പ്രചോദിപ്പിക്കുന്ന ദൈവമേ...........

ലഹരിയിലൂടെ വ്യക്തികളിലും, കുടുംബങ്ങളിലും, സമൂഹത്തിലും ഉടലെടുക്കുന്ന വൈവിധ്യ മായ വെല്ലുവിളികളെ നേരിടുവാൻ സഭയേയും ലഹരി വിമോചന സമിതിയേയും, മുന്നണി പോരാളികളായ പ്രവർത്തകരേയും ലഹരി വിമോചന കേന്ദ്രങ്ങളേയും ഇടവകകളേയും ശക്തീകരിക്കുന്നതിനായി ദൈവമേ................

ലഹരി വിമോചന പ്രവർത്തനങ്ങളിലൂടെ നൈർമല്യ ജീവിതം നയിക്കുന്നവർക്കു വേണ്ടി യും അതിനായി ആഗോള വ്യാപകമായി പ്രവർത്തിച്ചുവരുന്ന ആൽക്കഹോളിക്സ് അനോണിമസ് എന്ന പ്രസ്ഥാനത്തിനായും ദൈവമേ......

<u>**മദ്ധ്യസ്ഥ പ്രാർത്ഥന**</u>

***ദൈവമേ എന്റെ പ്രാർത്ഥന ശ്രദ്ധിക്കേണമേ, എന്റെ യാചനയ്ക്കു മറഞ്ഞിരിക്കരുതേ, എനിക്ക് ചെവി തന്ന് ഉത്തരമരുളേണമേ (സങ്കീ. 55:1–2)***

**പ്രതിവാക്യം: ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ**

സാമൂഹ്യനന്മക്കുവേണ്ടി രൂപകല്പന ചെയ്തിട്ടുള്ള ആധുനിക സാങ്കേതിക സംവിധാന ങ്ങൾക്ക് അടിമപ്പെട്ട് പോകുന്നതിലൂടെ ലക്ഷ്യനിർണ്ണയം നഷ്ടപ്പെട്ടുപോയവർക്കുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു.

ലഹരി ആസക്തി ഒരു രോഗമാണെന്നിരിക്കെ ശാരീരികമായും, മാനസീകമായും, വൈകാരിക മായും, ആത്മീകപരമായും കുടുംബപരമായും, സാമൂഹ്യപരമായും വെല്ലുവിളികളെ നേരി ടുന്ന വ്യക്തികൾക്കായും അവരുടെ രൂപാന്തരത്തിനുവേണ്ടിയും ഞങ്ങൾ അപേക്ഷി ക്കുന്നു........

സഭയുടെ ചുമതലയിലുള്ള എല്ലാ ലഹരി വിമോചന കേന്ദ്രങ്ങൾക്കുവേണ്ടിയും പ്രത്യേകമായി മലയാലപ്പുഴ നവജീവകേന്ദ്രം, മാങ്ങാനം മോചന,വയനാട് മുക്തി, അഗളി ദർശന, കിടങ്ങ ന്നൂർ നവദർശൻ, പേയാട് നൈർമല്യ, വാളകം ആശ്വാസ്, അടൂർ അനുഗ്രഹ, എന്നീ സ്ഥാപന ങ്ങൾക്കുവേണ്ടിയും പ്രവർത്തകർക്കുവേണ്ടിയും ഞങ്ങൾ അപേക്ഷിക്കുന്നു...........

മാർത്തോമ്മാ സഭാ ലഹരി വിമോചന സമിതിക്കു വേണ്ടിയും നേതൃത്വം നൽകുന്ന അഭിവന്ദ്യ തിരുമേനിമാർക്കു വേണ്ടിയും പ്രത്യേകമായും പ്രസിണ്ടന്റായി പ്രവർത്തിക്കുന്ന അഭിവന്ദ്യ തോമസ് മാർ തിമോഥെയോസ് തിരുമേനിക്ക് വേണ്ടിയും ഇതര ചുമതലക്കാർക്കുവേണ്ടിയും ഞങ്ങൾ അപേക്ഷിക്കുന്നു...........

<u>**പ്രതിജ്ഞ**</u>

എന്റെ ശരീരം ദൈവത്തിന്റെ മന്ദിരമാണെന്നും ദൈവത്തിന്റെ ആത്മാവ് എന്നിൽ വസിക്കുന്നു വെന്നും ഞാൻ അറിയുന്നു.ഞാൻ ഏതെങ്കിലും ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുകയോ അവ ഉപയോഗിക്കുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്യുകയില്ലാ എന്നും ലഹരിക്ക് അടിമകളായവരെ രക്ഷിക്കുവാൻ ഞാൻ പരിശ്രമിക്കുമെന്നും എന്റെ ഭവനം ലഹരിരഹിത മായി സംരക്ഷിക്കുമെന്നും, സമൂഹത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ഞാൻ എന്റേ തായ പങ്കുവഹിക്കുമെന്നും ദൈവനാമത്തിൽ പ്രതിജ്ഞചെയ്യുന്നു.

<u>**സമർപ്പണ പ്രാർത്ഥന**</u>

ദൈവമേ മാറ്റുവാൻ പറ്റാത്തവയെ അംഗീകരിക്കാനുള്ള പ്രശാന്ത മനസ്ഥിതിയും, മാറ്റുവാൻ പറ്റുന്നവയെ മാറ്റുവാനുള്ള ധൈര്യവും, ഇവയെ തമ്മിൽ വേർതിരിച്ചറിയുവാനുള്ള വിവേ കവും ഞങ്ങൾക്ക് നൽകേണമേ. ആമേൻ.